Page 1 of 3

മേൽപ്പറഞ്ഞ തുകകൾ കണക്കിലെടുക്കുമ്പോൾ വല്ലാർപാടം പുനരധിവാസ പാക്കേജ് പ്രകാരം ഒരു കുടുംബത്തിന് ഏകദേശം 4.25 ലക്ഷം രൂപ വീതം സർക്കാർ ഇതുവരെ ചെലവ് ചെയ്തിട്ടുള്ളതാണെന്ന് കാണാവുന്നതാണ്. ഈ തുക സർക്കാർ നൽകിയ പുനരധിവാസ ഭൂമിയുടെ വില ഉൾപ്പെടുത്താതെയുള്ള തുകയാണ്. പുനരധിവാസ ഭൂമിക്ക് 2007-ലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്ഥല വില കണക്കാക്കുകയാണെങ്കിൽ ഒരു കുടുംബത്തിന് ഏകദേശം 9,50,000 രൂപ യോളം സ്ഥലവിലയായി മാത്രം സർക്കാരിന് ബാധ്യത വന്നിട്ടുള്ളതും മൊത്തം ബാധ്യത 28.28 കോടി രൂപയോളം ആയിട്ടുള്ളതുമാണ്. ഈ ബാധ്യത കൂടി കണക്കിലെടുക്കുമ്പോൾ വല്ലാർപാടം പുനരധിവാസ പദ്ധതിക്കായി ഒരു കുടുംബത്തിന് ഏകദേശം 13.75 ലക്ഷം രൂപയോളം (അവർക്ക് DLPC നിരക്ക് പ്രകാരം കിട്ടിയിട്ടുള്ള ഭൂമി വില ഉൾപ്പെടാതെ) സർക്കാരിന് ബാധ്യത വന്നിട്ടുള്ളതാണ്.

(ബി) റോഡ് കണക്റ്റിവിറ്റിക്കായി 46.3604 ഹെക്ടർ ഭൂമി നാഷണൽ ഹൈവേ അധികൃതർക്കും റെയിൽ കണക്റ്റിവിറ്റിക്കായി 4.3076 ഹെക്ടർ ഭൂമി ആർ. വി. എൻ. എൽ.-നും കൈമാറിക്കഴിഞ്ഞു.

(സി & ഡി) കേരളത്തിന്റെ സുപ്രധാന വികസന പദ്ധതികളിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി. കൊച്ചിയുടെ വികസനം മാത്രമല്ല കേരള സംസ്ഥാന ത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്ന പദ്ധതിയാണിത്. മൊത്തത്തിൽ 7500-ഓളം കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി കൊച്ചിയുടെ സമഗ്ര വികസനം ലാക്കാക്കുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ പ്രതിവർഷം 1,500 മുതൽ 2,000 കോടി രൂപവരെ വരുമാന വർദ്ധനവ് കൊച്ചി തുറമുഖത്തി നുണ്ടാകും. കൊച്ചി തുറമുഖത്തിന്റെ അപര്യാപ്തത കാരണം ഇപ്പോൾ വിദേശ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ കൊച്ചിയിൽ തന്നെ കൈകാര്യം ചെയ്യാൻ കഴിയും. ഓരോ കണ്ടെയ്നറിൻമേലും 150 ഡോളർ മുതൽ 200 ഡോളർ വരെ ലാഭം വ്യാപാര മേഖലക്കുണ്ടാകും എന്നാണ് കണക്ക് കൂട്ടുന്നത്. പദ്ധതിമൂലം ഉണ്ടാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ

12 (*312) ശ്രീ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 3

(ബി) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രപഠനം പ്രോത്സാഹിപ്പിക്കുന്നതിനും കൗൺസിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ശാസ്ത്ര സാഹിത്യ ഗ്രന്ഥങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ശാസ്ത്രഗവേഷണ പദ്ധതികൾക്ക് കൗൺസിൽ സഹായം നൽകുന്നുണ്ടോ ;

(ഇ) ശാസ്ത്രാഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് കൗൺസിൽ എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുന്നതിനും കൗൺസിൽ താഴെപറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു :

ശാസ്ത്രപോഷിണി സ്കീം

പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം

റിസർച്ച് ഫെല്ലോഷിപ്പ് സ്കീം

സ്റ്റുഡന്റ് പ്രോജക്ട് സ്കീം

സ്പൈറ്റിസ് പദ്ധതി

അന്താരാഷ്ട്ര വനിതാദിനം

ദേശീയ ഹരിതസേന.

(സി) ഉണ്ട്. മലയാള ഭാഷയിലൂടെ ശാസ്ത്ര വിഷയങ്ങളെ ജനകീയവൽക്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികളെ അംഗീകരിക്കുന്നതിനുവേണ്ടി ശാസ്ത്ര സാഹിത്യ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബാലശാസ്ത്രസാഹിത്യം, ജനപ്രിയ ശാസ്ത്ര സാഹിത്യം, ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്രപ്രവർത്തനം എന്നീ നാലു വിഭാഗങ്ങളിലായാണ് പ്രത്യേക അവാർഡുകൾ നൽകുന്നത്. ഇരുപത്തയ്യായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ശാസ്ത്ര ഗവേഷണ പദ്ധതികൾക്ക് കൗൺസിൽ സഹായം നൽകുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു :

- സയൻസ് റിസർച്ച് സ്കീമിൽ ഒരു ഇൻവെസ്റ്റിഗേറ്ററിന് 15 ലക്ഷം രൂപ വരെ അവരുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണപദ്ധതിക്കായി നൽകുന്നു.
- സാർഡ് സ്കീമിൽ ഒരു സ്ഥാപനത്തിന് 30 ലക്ഷം രൂപവരെ ഗവേഷണത്തിനും, ലബോറട്ടറി മെച്ചപ്പെടുത്തുന്നതിനും നൽകുന്നു
- സ്റ്റുഡന്റ് പ്രോജക്ട് സ്കീമിൽ തീസിസ് ഡെസർട്ടേഷൻ നടത്തുന്നതിനായി 10,000 രൂപ വരെ നൽകുന്നു
- സ്കൂൾ കുട്ടികൾക്ക് പ്രോജക്ട് ചെയ്യുന്നതിനായി 5,000 രൂപ വരെ നൽകുന്നു.

(ഇ) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര പോഷിണി, സ്പൈറ്റിസ്, സ്റ്റുഡൻസ് പ്രോജക്ട് പ്രോഗ്രാം, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം, സ്റ്റുഡൻസ് ഫെല്ലോഷിപ്പ് സ്കീം തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ ശാസ്ത്ര കോൺഗ്രസ്സിൽ ഏറ്റവും നല്ല പ്രബന്ധങ്ങൾക്ക് ഓരോന്നിനും 50,000 രൂപയുടെ യുവശാസ്ത്ര പുരസ്കാരം, ജില്ലാതലത്തിലുള്ള ഏറ്റവും നല്ല ഇക്കോ ക്ലബിന് 50,000 രൂപയും സംസ്ഥാന തലത്തിൽ ഒരു ലക്ഷം രൂപയും നൽകുന്നുണ്ട്. ജില്ലാ സംസ്ഥാന തലത്തിൽ കുട്ടികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് പരിസ്ഥിതി സംബന്ധിയായ പദ്ധതിയും നടപ്പിലാക്കുന്നു. ഇതിനു പുറമേ ശാസ്ത്ര സാങ്കേതിക രംഗത്തെ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ബാക്ക് ടു ലാബ് പദ്ധതി, ബോധവൽക്കരണ പരിപാടി നടത്തുവാൻ സാമ്പത്തിക സഹായം, വനിതാ ശാസ്ത്രജ്ഞർക്കുള്ള വ്യക്തിത്വ വികസന പരിപാടി, വനിതാ ശാസ്ത്രജ്ഞരുടെ ഉന്നമനത്തിനു പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള വിവരശേഖരണം, വനിതാദിനാചരണം എന്നിവയും നടത്തിവരുന്നു.

## ട്രഷറികളിലെ നവീകരണ പ്രവർത്തനങ്ങൾ

13 (*313) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly